**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2662** **06-10-2025 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്ത് റിവേഴ്സ് മൈഗ്രേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. കെ. ടി. ജലീൽ,<br>ഡോ. സുജിത് വിജയൻപിള്ള,<br>ശ്രീ. കെ. ആൻസലൻ,<br>ശ്രീമതി യു പ്രതിഭ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് റിവേഴ്സ് മൈഗ്രേഷൻ നടന്നുകൊണ്ടിരിക്കുന്നതായി ഇതുമായി ബന്ധപ്പെട്ട അന്താരാഷ്ട്ര പ്രൊഫഷണൽ സ്ഥാപനങ്ങൾ പുറത്തുവിട്ട റിപ്പോർട്ട് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | **(എ), (ബി) & (സി)**<br><br>വിദേശത്ത് നിന്ന്, പ്രത്യേകിച്ച് ഗൾഫ് മേഖലയിൽ നിന്നും വിദഗ്ദ്ധ പ്രൊഫഷണലുകളുടെ ഗണ്യമായ മടങ്ങി വരവ് (റിവേഴ്സ് മൈഗ്രേഷൻ) കേരളത്തിൽ അനുഭവപ്പെടുന്നു എന്ന് പ്രമുഖ അന്താരാഷ്ട്ര സോഷ്യൽ നെറ്റ്‌വർക്കിംഗ് പ്രൊഫഷണൽ കൂട്ടായ്മയുമായ ലിങ്ക്ഡ് ഇൻ-ന്റെ ടാലന്റ് ഇൻസൈറ്റ് റിപ്പോർട്ടിൽ പരാമർശിക്കുന്നു. പ്രസ്തുത റിപ്പോർട്ട് പ്രകാരം പ്രൊഫഷണൽ ടാലന്റ് പൂൾ 172% വർദ്ധിച്ചു. മടങ്ങിയെത്തുന്നവരിൽ വലിയൊരു വിഭാഗം യു.എ.ഇ.-യിൽ നിന്നാണ്. തുടർന്ന് സൗദി അറേബ്യ, യുണൈറ്റഡ് കിംഗ്ഡം, യുണൈറ്റഡ് സ്റ്റേറ്റ്സ് എന്നിവിടങ്ങളിൽ നിന്നുള്ളവരാണ്. നാൽപ്പതിനായിരത്തിനു മേൽ പ്രൊഫഷനലുകൾ മടങ്ങിയെത്തിയതായി കണക്കാക്കുന്നു. മടങ്ങിയെത്തുന്നവർ പ്രധാനമായും ഐ.ടി, ആരോഗ്യ സംരക്ഷണം, ടൂറിസം, വിദ്യാഭ്യാസം എന്നിവയിൽ ജോലി തേടുന്നു. കൂടുതൽ സ്ഥിരതയുള്ള തൊഴിൽ-ജീവിത സന്തുലിതാവസ്ഥ, മെച്ചപ്പെട്ട തൊഴിലവസരങ്ങൾ, കുടുംബങ്ങളുമായുള്ള സാമീപ്യം തുടങ്ങിയ ഘടകങ്ങൾ പ്രൊഫഷണലുകൾ കേരളത്തിലേയ്ക്ക് മടങ്ങുന്നതിന് പ്രേരകമാകുന്നു. കേരളത്തിലെ പ്രൊഫഷണൽ തൊഴിൽ ശക്തിയുടെ ഏകദേശം 40% കൊച്ചി, തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നിവയുൾപ്പെടെയുള്ള പ്രധാന നഗരങ്ങളിൽ കേന്ദ്രീകരിച്ചിരിക്കുന്നു. സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം, ഉയർന്ന വിഭവശേഷി ആവശ്യമായ ഉൽപ്പന്ന, മാനേജ്മെന്റ്, ഗവേഷണം, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് തുടങ്ങിയ മേഖലകളിൽ പ്രതിഭകളെ പ്രദാനം ചെയ്യുന്ന "ഒരു |

| | | | |
|---|---|---|---|
| | | | ബ്രെയിൻ ഗെയ്ൻ" ആയി ഈ മാറ്റം കണക്കാക്കപ്പെടുന്നു.<br><br>സർക്കാർ പുതുതായി രൂപം കൊടുത്ത് നടപ്പിലാക്കി വരുന്ന സ്വകാര്യ വ്യവസായ എസ്റ്റേറ്റ്, ക്യാമ്പസ് വ്യവസായ പാർക്ക് എന്നീ സ്കീമുകൾ സംസ്ഥാനത്തേയ്ക്ക് തിരികെയെത്തുന്ന പ്രൊഫഷണലുകൾക്ക് പ്രയോജനപ്പെടുത്താവുന്നതാണ്. 37 സ്വകാര്യ വ്യവസായ പാർക്കുകൾക്ക് ഡവലപ്പർ പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. ഈ പാർക്കുകൾ പ്രവർത്തന സജ്ജമാകുന്നതോടെ ഏകദേശം 437 ഏക്കർ സ്ഥലം വിവിധ തലങ്ങളിൽ ഉൾപ്പെട്ട സംരംഭകർക്കായി അനുവദിക്കുവാൻ കഴിയും. കൂടാതെ, 3 ക്യാമ്പസ് വ്യവസായ പാർക്കുകൾക്കും ഡവലപ്പർ പെർമിറ്റ് അനുവദിച്ച് നൽകിയിട്ടുണ്ട്. വിദ്യാർത്ഥി സമൂഹത്തിൽ സംരംഭകത്വം വളർത്തുന്നതിന് പഠനത്തോടൊപ്പം ജോലി എന്ന ലക്ഷ്യം നടപ്പാക്കുന്നതിനും പഠനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് വിവിധ വ്യവസായ സംരംഭങ്ങളിൽ apprenticeship/internship അവസരം നൽകി സ്വന്തം സംരംഭങ്ങൾ ആരംഭിക്കാൻ പ്രാപ്തമാക്കുന്നതിനും ക്യാമ്പസ് വ്യവസായ പാർക്ക് പദ്ധതി സഹായിക്കുന്നു. |
| (ബി) | ടാലന്റ് പൂളിലുണ്ടായ ദ്രുതഗതിയിലുള്ള വളർച്ചയ്ക്കാധാരമായി വ്യാവസായികരംഗത്ത് ഉണ്ടായിട്ടുള്ള മാറ്റങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | (ബി) | മറുപടി (എ) പാർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തേക്ക് തിരികെയെത്തുന്ന പ്രൊഫഷണലുകൾക്ക് അനുകൂലമായ ഒരു വ്യവസായ സൗഹൃദാന്തരീക്ഷം കെട്ടിപ്പടുക്കുന്നതിന് ഈ സർക്കാർ നടത്തിയിട്ടുള്ള മുന്നൊരുക്കങ്ങൾ വിശദീകരിക്കാമോ? | (സി) | മറുപടി (എ) പാർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ